
# MAR WALAH

Vol.02 Issue-07 December 20 "MY LORD, MY GOD"
Santhome Church Bulletin, Hulimavu, Bangalore - 560 076




Associated with
Society of St. Vincent De Paul,
Santhome Church for last 5 years
NAVYA
Bake Shop
AN ISO 22000-2005 FSMS & HACCP CERTIFIED COMPANY
The Tempting Taste
HAVE A
MERRY
Christmas
& A HAPPY
NEW YEAR
100% NATURAL COLOUR
100% NATURAL FLAVOUR
NO ADDED PRESERVATIVES
0% TRANSFAT
a fresh experience
T: +91 484 2616 489 | +91 9496 001 250
bake@navyabakers.com
Navya Bakes & Confectioneries India Pvt. Ltd. Karukutty - 683 576, Angamaly, Ernakulam, Kerala, India.
ERNAKULAM | THRISSUR

# മാർ വാലാഹ്
# MAR WALAH

VOL. 02 ISSUE 07 December 2020

**EDITORIAL BOARD**

**Patron:**
Rev. Fr. Manoj Ambalathinkal

**Chief Editor:**
Jayson Pappachan

**Associate Editors:**
P.D. Jose, Binno Joseph
Mercy Alex

**Finance Manager:**
Baiju Korath

**Circulation Team:**
Anil George, Julie Justin,
Shanitha Immanuel

**Layout Design:**
Sunil Varghese

**Printing:**
Joykutty - Ramya Press

## CONTENTS

| | |
|---|---|
| Vicar's message | 04 |
| Welcome _ Asst. Vicar | 05 |
| Asst. Vicar's message | 06 |
| Editorial | 07 |
| Santhome: Parish Diary | 09 |
| Mother Mary | 11 |
| A beautiful Christmas | 11 |
| Yeshu Njangalku thana samanam | 17 |
| Syro Malabar Church | 19 |
| "Blessed are the meek, for they will inherit the earth" | 20 |
| Ammayum Kiliyum | 22 |
| Society of St Vincent De Paul | 24 |
| Mathruvedi | 24 |
| Congratulations | 25 |
| Welcome to Santhome Church Family | 26 |
| My Lovely Saviour | 27 |

Santhome
CHURCH, HULIMAVU

*For Private Circulation only*

Please mail your feedback and suggestions to **santhome.bulletin@gmail.com** or **90080 28905** or drop it in the Parish Bulletin drop box.
You can send photos and matters to the same email address for publishing in the Parish Bulletin

*Printed and published by*
Santhome Church, Hulimavu,
Bangalore 560076

# VICAR'S Message



പുൽക്കൂട്ടിലേക്ക് എന്ന ആപ്തവാക്യവുമായിട്ടാണല്ലോ ഈ വർഷം നമ്മൾ ക്രിസ്മസ് ആചരിക്കുന്നത് . പുൽക്കൂട് ലേക്കുള്ള ഒരു യാത്ര, അത് ബെത്‌ലഹേമിലേക്കുള്ള ഒരു യാത്രയാണ്. ബത്‌ലേഹം എന്ന വാക്കിൻറെ അർത്ഥം തന്നെ അപ്പത്തിന്റെ നാട് എന്നാണ്. ആധ്യാത്മിക അപ്പം (spiritual food) തേടിയുള്ള ഒരു യാത്ര. ആ യാത്രയിൽ നമുക്ക് വഴികാട്ടിയായി ഒരു നക്ഷത്രം ഉണ്ട്. ജ്ഞാനികളായ രാജാക്കന്മാർക്ക് യേശുവിലേക്ക് നടന്നടുക്കാൻ വഴികാട്ടിയായ നക്ഷത്രം...അന്ധകാരം മാറ്റി പ്രകാശംപരത്തുന്ന നക്ഷത്രം. സൂപ്പർസ്റ്റാർ (Super star) ആയ ഈശോയുടെ ജനനം പ്രഘോഷിച്ചു കൊണ്ടാണ് ആ നക്ഷത്രം പ്രത്യക്ഷപ്പെട്ടത്. ആ നക്ഷത്രം പറയുന്ന വലിയ ഒരു സത്യമുണ്ട് - "നമ്മൾ ഈ ലോകത്ത് ഒറ്റയ്ക്കല്ല, ദൈവം നമ്മോടു കൂടെയുണ്ട്". ഈശോയെ പ്രഘോഷിക്കുന്ന, മറ്റുള്ളവരെ ഈശോയിലേക്ക് നയിക്കുന്ന ഒരു നക്ഷത്രം ആകുവാൻ നമുക്ക് കഴിയുമോ?

ക്രിസ്തുമസ്സുമായി ബന്ധപ്പെടുത്തി പല പ്രതീകങ്ങൾ ഉണ്ടെങ്കിലും ക്രിസ്മസ് അപ്പാപ്പൻ Santaclause ഉം ക്രിസ്മസ് ട്രീയും ആണ് അതിൽ മുന്നിൽ നിൽക്കുക. എല്ലാവർക്കും സമ്മാനപ്പൊതികളുമായി എത്തുന്ന സാന്താക്ലോസ് പങ്കുവയ്ക്കലിന്റെ വലിയൊരു പാഠമാണ് നമ്മെ പഠിപ്പിക്കുന്നത്. പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ നിറഞ്ഞ ഈ കോവിഡ് കാലത്ത്, നമുക്കുള്ള നന്മകൾ, സന്തോഷങ്ങൾ മറ്റുള്ളവരുമായി പങ്കു വെച്ചു കൊണ്ട് നല്ലൊരു ക്രിസ്മസ് നമുക്ക് ആഘോഷിക്കാം.

ക്രിസ്മസ് ട്രീ ജീവൻറെ പ്രതീകമാണ്. മധുരമുള്ള ഫലങ്ങൾ മറ്റുള്ളവർക്കായി ഒരു വൃക്ഷം പുറപ്പെടുവിക്കുന്നത് പോലെ നമ്മുടെ ജീവിതത്തിൽ നല്ല ഫലങ്ങൾ നാം പുറപ്പെടുവിക്കണമെന്ന് ക്രിസ്മസ് ട്രീ നമ്മെ ഓർമ്മപ്പെടുത്തുന്നു. (The evergreen tree reminds us of the glory of the everlasting life. Various colourful lights and ornaments on the tree is a reminder that we should produce fruits in our life for satisfying the needs of others, not those of our own).

നമ്മുടെ ഇടവകയിൽ തയ്യാറാക്കുന്ന 25 ദിവസത്തെ വീഡിയോ സന്ദേശങ്ങളിൽ പങ്കെടുത്തും കരോൾ ഗാനങ്ങൾ ആലപിച്ചും ക്രിസ്മസ് പുൽക്കൂടുകൾ ഉണ്ടാക്കിയും St Vincent De Paul സംഘടനയിൽ നിന്ന് കേക്ക് വാങ്ങിയും :-) നമ്മുടെ ആഘോഷങ്ങൾക്ക് നിറം കൂട്ടാം.

Wish you all a Merry Christmas and Happy New Year !!

സ്നേഹപൂർവ്വം നിങ്ങളുടെ വികാരിയച്ചൻ,

**Fr. Manoj Ambalathinkal**




## Rev. Fr. Ronald Moleth ISch.
## to
## SANTHOME CHURCH, Hulimavu



സാന്തോം ഇടവകക്ക് വലിയൊരു ക്രിസ്മസ് സമ്മാനമാണ് ദൈവം നൽകിയിരിക്കുന്നത് . .. നമ്മുടെ റൊണാൾഡ് അച്ചൻ (Fr Ronald) എന്ന വലിയ സമ്മാനം!! നമ്മുടെ ആത്മീയ ജീവിതത്തിൻറെ വളർച്ചയ്ക്ക് അച്ചൻറെ സാന്നിധ്യം വളരെ സഹായകരമാകും എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ വലിയ സമ്മാനത്തിന് നമുക്ക് ദൈവത്തോട് നന്ദി പറയുകയും അച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. ഇടവകയിലെ ഓരോരുത്തരുടെയും പേരിൽ റൊണാൾഡ് അച്ചനെ ഹാർദവമായി ഇടവക കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു.

വൈദികൻ ആയതിനുശേഷം ആദ്യമായി എത്തുന്ന ഇടവക ഒരു പുരോഹിതന് വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സ്നേഹവും കരുതലും പ്രാർത്ഥനയുമാണ് അച്ചന്റെ ഇനിയുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുക. തന്റെ വൈദിക ജീവിതത്തിലെ ഏറ്റവും മധുരിക്കുന്ന അധ്യായമായി സാന്തോം ഇടവകയിലെ സേവന കാലഘട്ടം ഓർത്തെടുക്കുവാൻ കഴിയും വിധം നമുക്ക് അച്ചനോടൊപ്പം പ്രവർത്തിക്കാം.

# Asst. VICAR'S Message



പ്രിയ സാന്തോം ഇടവക അംഗങ്ങളെ,

ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

തിരുപ്പട്ട സ്വീകരണത്തിന് ശേഷം എന്റെ തുടക്കത്തിന്റെ ഇടമാണ് ഇവിടം. സ്വന്തം ഭവനം പോലെ ഇടവക പള്ളിയെ കാണുന്നവരും പൗരോഹിത്യത്തെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരുമായ ഒരു വിശ്വാസ കൂട്ടായ്മ എന്ന നിലയിൽ ഇവിടെ ആയിരിക്കുക എന്നത് എനിക്ക് ഏറ്റവും ഹൃദ്യമായ അനുഭവമാണ് . നിങ്ങളുടെ പരിഗണനയ്ക്കും പ്രാർത്ഥനയ്ക്കും ഏറെ നന്ദി.

ഇത് മംഗളവാർത്തക്കാലം ആണ്. കഴിഞ്ഞ നാളുകളിൽ ലോകം മുഴുവൻ ഒരു നല്ല വാർത്തയ്ക്കായി ദൈവ തിരുമുൻപിലേക്ക് കരങ്ങൾ ഉയർത്തുകയായിരുന്നു. ഇസ്രായേൽ ജനത്തിന്റെ രക്ഷക്കായുള്ള നിലവിളിയുടെ ഉത്തരമായാണ് ഇമ്മാനുവേൽ ആയി ദൈവം കൂടെ വന്ന് വസിച്ചത്.

നമ്മുടെ ജീവിതങ്ങളെ അവിടുന്ന് കാണുന്നുണ്ട്. ഈ ക്രിസ്മസ് നമ്മുടെ സ്നേഹപൂർവ്വകമായ നാളുകൾ ആക്കി മാറ്റാം. വരുന്ന പുതുവർഷത്തിൽ പ്രതീക്ഷയുടെ പുതിയ പുലരി നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കാം.

Wishing you all a merry Christmas and happy new year !

സ്നേഹപൂർവ്വം
Fr Ronald George






**ദൈവം പിറക്കുന്നു.. മനുഷ്യനായി ബത്ലെഹേമിൽ**
**മഞ്ഞുപെയ്യുന്ന മലർമടക്കിൽ..ഹല്ലേലൂയാ..ഹല്ലേലൂയാ**
**മണ്ണിലും വിണ്ണിലും മന്ദഹാസം പെയ്യും മധുരമനോഹരഗാനം..**
**ഹല്ലേലൂയാ..ഹല്ലേലൂയാ**

covid പോലെയുള്ള വിനകൾ സംഹാരതാണ്ഡവം ആടുന്ന, എപ്പോഴും ഏതിനെയും ഒരു ചെറിയ ഉൾഭയത്തോടെ മാത്രം സമീപിക്കാൻ സാധിക്കുന്ന ഈ ചില ദിവസങ്ങളിൽ ഒരു പഴയ …നമ്മിൽ പലരും ഒരു പക്ഷെ കേട്ട് മടുത്ത ഒരു കഥ ഓർമിച്ചു പോവുന്നു …

രോഗശയ്യയിലെ ഒരു ബാലൻ …മാരകമായ ഏതോ രോഗത്തിൽ ദിനങ്ങൾ എണ്ണി..ആശ വറ്റി …അങ്ങനെ …അവന്റെ അടുത്ത് ഒരു ചെറിയ ജാലകത്തിലൂടെ എത്തി നോക്കുന്ന ഒരു ചെറുമരത്തിന്റെ ചില്ല …അതിൽ ഏതാനും ഇലകൾ …ശിശിരകാലത്തിന്റെ കാഠിന്യത്തിൽ ഒന്നൊന്നായി ആ ഇലകൾ പൊഴിഞ്ഞു കൊണ്ടിരുന്നു …പഴുത്തുണങ്ങി നിലം പതിക്കുന്ന ഓരോ ഇലയോടൊപ്പം ആ പിഞ്ചു ബാലന്റെ ഹൃദയത്തിലെ പ്രതീക്ഷകൾ അസ്തമിച്ചു കൊണ്ടിരുന്നു …അടുത്ത കിടക്കയിൽ കിടന്നിരുന്നത് മദ്യപാനം കൊണ്ട് ആരോഗ്യം നശിച്ച ഒരു ചിത്രകാരൻ ….ആ ബാലന്റെ ഹൃദയമിടിപ്പ് അയാൾക്കറിയാം ... അങ്ങിനെ .. അങ്ങിനെ ഒരില മാത്രം അവശേഷിക്കുന്ന ആ ദിവസം… എവിടെയോ പതിയിരിക്കുന്ന മരണത്തെ മനസ്സിൽക്കണ്ടു ….കൊടും തണുപ്പും കാറ്റുമുള്ള ആ രാത്രിയിൽ , ഇനിയൊരു പ്രഭാതം കണ്ണില്ലെന്നുറപ്പിച്ചു ആ ബാലൻ തളർന്നുറങ്ങി …പിറ്റേന്ന് …മനോഹരമായ ഒരു പുലരിയിൽ കിരണങ്ങൾ ഏറ്റുവാങ്ങി പച്ചപ്പട്ടിന്റെ പ്രഭയോടെ ഉണങ്ങിയ ചില്ലകളുടെ മേലെ ആ ഒരു ഇല മാത്രം …താഴെ എപ്പോഴോ മരിച്ചു കഴിഞ്ഞിരുന്ന ആ മുഴുക്കുടിയനായ ചിത്രകാരനും …വെറുങ്ങലിച്ച അയാളുടെ കയ്യിൽ മുറുകെ പിടിച്ച ആ ബ്രഷ്…കൊടിയ തണുപ്പിൽ …ആ ചെറിയ ബാലന്റെ ആശകൾക്കു അസ്തിത്വമായിരുന്ന ആ അവസാനത്തെ ഇല ….അതായിരുന്നു അയാളുടെ അവസാനത്തെ മാസ്റ്റർ പീസ് !

രക്ഷകനായ ഈശോയുടെ  പിറവി ആഘോഷിക്കുന്ന  ക്രിസ്മസ് കാലം കാലം വരവായി. സന്തോഷത്തിന്റെയും  പ്രത്യാശയുടെയും ദിനങ്ങൾ...  ഈശോയെ ഹൃദയത്തിൽ സ്വീകരിക്കുന്ന ഈ നിമിഷങ്ങളിൽ ...നമുക്ക് നമ്മുടെ അയലക്കാരന് വേണ്ടി പ്രത്യാശയുടെ ഒരു ചെറിയ കീറ്...അതെങ്കിലും രചിക്കാനാവട്ടെ ...

“For God so loved the world that he gave his only Son, so that everyone who believes in him may not perish but may have eternal life. [John 3:16].. ഈ വചനമാണ് ക്രിസ്തുമസിന്റെ കാതൽ.



ക്രിസ്തുമസുമായി ബന്ധപ്പെട്ട നിരവധി വ്യക്തികൾ സുവിശേഷത്തിൽ ഉണ്ട് . ഇതിൽ ആരാണ് ഞാൻ? ഈശോയെ ഉദരത്തിൽ വഹിച്ച പരിശുദ്ധ അമ്മയാണോ ഞാൻ? ഈശോയെ സംരക്ഷിച്ച് വളർത്തിയ വിശുദ്ധ യൗസേപ്പ് ആണോ ഞാൻ? സദ്‌വാർത്ത ലോകം മുഴുവനും അറിയിച്ച മാലാഖയാണോ ഞാൻ?  മറ്റുള്ളവരെ ഈശോയിലേക്ക്  നയിച്ച നക്ഷത്രമാണോ ഞാൻ ? ഇവിടെ ഇടമില്ലെന്ന് പറഞ്ഞു ഈശോയെ ആട്ടിപ്പായിച്ച സത്രം സൂക്ഷിപ്പുകാരനാണോ  ഞാൻ?  ആരാണ് ഞാൻ? ആരാകണം ഞാൻ? ഈ 25 ദിവസത്തെ വിശുദ്ധ കുർബാനയും മറ്റു പ്രാർത്ഥനകളും ഇതിനുള്ള ഒരു ഉത്തരം കണ്ടെത്തുവാൻ നമ്മെ സഹായിക്കട്ടെ.

ഈശോ ജനിക്കേണ്ടത് ബത്‌ലഹേമിൽ അല്ല, ഈശോ ജനിക്കേണ്ടത് പുൽക്കൂട്ടിൽ അല്ല, ഈശോ ജനിക്കേണ്ടത്  നമ്മുടെ ഹൃദയത്തിലാണ്. ഈശോ കാണിച്ചുതന്ന സത്യത്തിന്റേയും ജീവന്റേയും വഴിയിൽ നമ്മുടെ പാദമുദ്രകൾ കാണുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അതിനായി ഈ ക്രിസ്മസ് കാലം നമ്മെ ഒരുക്കട്ടെ.

## Wish you all a Merry Christmas and Happy New Year

# PARISH DIARY

2020 December

### *SUNDAY Holy Mass Timing*

***6.30 am***

***9.00 am*** *(also online through youtube live streaming)*

***5.00 pm***

***Monday to Saturday Holy Mass Timing:*** ***6.30 am & 6.30 pm***

**Christmas Confession -December 20;**
**Christmas 24th Night Mass - 7 PM,**
**25th Morning Mass - 7 AM**




To mark the occasion of 150th anniversary of the declaration of Saint Joseph as Patron of the Universal Church, the Holy Father Pope Francis has proclaimed a **"Year of Saint Joseph"** from 8 December 2020, to 8 December 2021.

**Advertisement rates in the Parish Bulletin For parishioners:**

**Second Full page**(After Cover Page) **: Rs.2000/-**

**Inside Full page : Rs.1500/-**

**Inside Half Page : Rs. 750/-**

**Inside Quarter Page : Rs. 400/-**

For Those Outside our Parish 20% Additional charges on the rates specified above
For Details, Please contact;
Baiju Korath - 98454 44206, Sunil Varghese - 9886462575

REDBURY
FAMILY RESTAURANT

# Christmas & New Year Special

MERRY CHRISTMAS
AND HAPPY NEW YEAR




For the family
That feast together

- Tharavu Mappas
- Tharavu Roast
- Idi Mulagu Chicken Fry
- Fish Kuruki Pollichathu
- Fish Elayil Pollichathu
- Fish Vatti Pattichathu
- Fish Roast
- Thala Curry
- Konju Fry
- Kada Fry
- Vala Curry
- Bamboo Biriyani



## REDBURY
Multi Cuisine Family Restaurant

INDIAN | CHINESE | KERALA | TANDOOR | JUICE

#41/8, Arekere Village, 80ft. Road, Opp. Paramount Apartment
Sai Baba Mandir Road, Arekere Bangalore - 560 076

+91 97416 23332, +91 97417 03335
080 4131 7777 redburyrestaurant@gmail.com
@Redbury Family Restaurant @redbury_restaurant

100% All natural | NO Artifical colors Artifical Flavors Preservatives | HALAL

Online partners
zomato SWIGGY

We undertake all kinds of catering services



# MOTHER MARY – MODEL OF MEEKNESS



**Mrs. Alice K. Jose**

With Christmas just round the corner, I would like to share my thoughts about Mother Mary, a very important persona of the Advent, next only to Jesus Christ – very relevant today even though she lived more than 2000 years ago. Mother Mary is the embodiment of femininity and an example for humility. I may not say anything new here about Mary but just wish that my reflections on her life may help others to look at her from a different perspective. Like all noble souls, she is also for all times and for all people. If we model our lives on hers, peace and happiness are sure to prevail in the shattered families of modern times. As a person specially chosen by God Almighty, Mary became the mother of Jesus Christ. All those who believe in the Holy Trinity of Christian Faith know that Mary has an exceptionally blessed position of relevance with respect to the Holy Trinity. We are and can be only the children of God. But Mary is the daughter of God, the Father; the spouse of God, the Holy Spirit and the mother of God, the Son. The Bible says that the fruit of her womb was by the power of the Holy Spirit.

Many Christian denominations do not venerate Mary owing to incomplete comprehension. There was a question, “Once the chick comes out of the egg, we attach no value to the egg shell which is thrown out. Mary was just an instrument for the Incarnation of Son of God. Why is such a glory conferred on her ?” The sarcasm and

ridicule was paining. If God had wished thus, the Son could have chosen any other way to incarnate himself! It was God's plan to assign the role of a mother to the Saviour of humanity, when he sent a calm pillar of strength in Mary , to be the mother figure for all the children of God.

All the three states of her life area are for study in itself each. As a daughter, she surrendered herself totally saying, "Behold the handmaid of the Lord, be it unto me according to thy word". She submitted herself to God's plan in accepting the divine birth to be housed in her physical self through union with the Holy Spirit being fully aware of the worldly implications of social stigma and the likes. Finally as a mother she showed the same submission. At the marriage in Cana of Galilee, instead of commanding Jesus to prove his miraculous powers, she indirectly requested him to make wine and Jesus performed his first miracle of turning water into wine!

When children see their father showing great love and respect to their mother who gladly and willingly collaborate with their father, in raising a good Christian family, submission to God's will comes naturally to children. On occasions of doubt and lack of clarity, heads of the family – man and woman - should surrender themselves to God together and seek the best way forward in faith. It is very important that they should always present a front united in love to their little ones. Parents should set good examples. If Divine Guidance is sought, with child-like simplicity and faith at every critical step things would be happy, clear in faith.



Mother Mary's humility is too well-known to be elaborated. Many people would have looked down on Mary whose complete faith in God made her live with humility accepting the humiliation. St. Joseph's love and care must have been the much-needed armour in those trying times. "Blessed are the meek, for they shall inherit the earth". Indeed meek Mary inherited the earth! All over the world millions and millions find solace meditating on her life. She had mentioned long ago, "...behold, from henceforth all generations shall call me blessed." But to reach this level Mary had to be the most afflicted virgin and the most sorrowful mother during her life time.

Yes, there is no glory sans suffering and no crown sans cross!

***Wish you all a joyfully Blessed Christmas and a peacefully bright 2021.***





ಅಚಯಂಡೇ ರೆಸ್ಟೋರೆಂಟ್
അച്ചായന്റെ റെസ്റ്റോറന്റ്
CHEF ACHAYAN
ACHAYANTE RESTAURANT
MERRY CHRISTMAS
Christmas special items is available
#69, 4th Cross, Omkar Nagar, Next to Aditi Nursing Home
Arekere, Bannerghatta Road, Bangalore 560 076
FREE HOME DELIVERY
9188651803 6364714250




വിശുദ്ധ യൂദസ്ശ്ലീഹായുടെ
മദ്ധ്യസ്ഥതയാൽ ഉദിഷ്ടകാര്യം
സാധിച്ചതിന് നന്ദി
----- ഒരു വിശ്വാസി -----




# A beautiful Christmas



**Aneena Josan**

*A beautiful Christmas*
*Filled with the prayer seeking blessings*
*Filled with reading the holy scriptures, the word of God*
*Filled with holiness, the holiness of Christ*

*A beautiful Christmas*
*Filled with the lights symbolising Jesus, the light of the world,*
*Filled with stars, the heavenly sign of a prophecy fulfilled long ago,*
*Filled with Christmas trees and wreaths, symbolising the eternal life in Jesus.*

*A beautiful Christmas*
*Filled with the enthusiasm to celebrate the birth of our savior,*
*Filled with joy to welcome baby Jesus,*
*Filled with happiness to spent time with family*

**Aneena Josan**

# SECOND YEAR OF DEMISE



# ELSY JOSEPH

**Padamadan House**

**Mathilakam Post, Thrissur**

**Birth : 1-12-1946 Death 1-12-2018**

***Jini Fijo & Family***

# ഈശോ ഞങ്ങൾക്ക് തന്ന സ്നേഹ സമ്മാനം

ഒരു പുരാതന കത്തോലിക്കാ കുടുംബത്തിൽ ആണ് ഞാൻ ജനിച്ചത്. പതിവായി ഞായറാഴ്ച പള്ളിയിൽ പോകും, എന്നും സന്ധ്യ പ്രാർത്ഥന. അങ്ങനെ ജീവിതം മുന്നോട്ടു പോയി.

ഞാൻ ഫാർമസി ഡിഗ്രിക്ക് പഠിക്കുന്ന കാലം, ഫൈനൽ ഇയർ എക്സാം കഴിഞ്ഞു വീട്ടിൽ വന്നപ്പോൾ മമ്മി പറഞ്ഞു നമുക്ക് അടുത്തുള്ള ഒരു പള്ളിയിൽ പോകാം അവിടെ തപസ്സു ധ്യാനം നടക്കുണ്ട്, എനിക്ക് ഒട്ടും താല്പര്യമില്ല, പിന്നെ പറഞ്ഞത് അനുസരിച്ചു പള്ളിയിൽ പോയി. ആദ്യദിവസം കഴിഞ്ഞു തളർന്നു ഞാൻ വീട്ടിൽ പോകാൻ തുടങ്ങിയപ്പോൾ ധ്യാന ഗുരുവായിരുന്ന അച്ചൻ തടഞ്ഞു, ദൈവം നിന്റെ പുറകിൽ കൈ വിരിച്ചു പിടിച്ചുനിൽക്കുന്നുണ്ട്, നിന്നെ സ്വന്തമാക്കാൻ, അതു കേട്ടപ്പോൾ ഞാൻ വിചാരിച്ചു രണ്ടു ദിവസം കൂടി അല്ലെ ഉള്ളു അഡ്ജസ്റ്റ് ചെയ്യാം, ആ ധ്യനത്തിന്റെ മൂന്നാം നാൾ എന്റെ ഈശോയെ അറിഞ്ഞു ഞാൻ വീട്ടിൽ പോയി.

ആ ദൈവാനുഭവം നിറഞ്ഞ ധ്യാനത്തിന്റെ സമയത്ത് ധ്യാനഗുരു പറഞ്ഞപോലെ ഡിഗ്രി പാസ്സ് ആയി , വിവാഹവും നടന്നു, ഞാൻ ബാംഗ്ലൂർക്കു വന്നു. രണ്ടു കുഞ്ഞുങ്ങൾ ജനിച്ചു. എല്ലാവരെയും പോലെ രണ്ടുമക്കൾ മതി എന്ന് ഞങ്ങളും കരുതി.

2007 ആയപ്പോൾ യൂട്ടറസ്സിൽ ഒരു ചെറിയ സർജറിക്കായി ഞാൻ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയി, ഡോക്ടർ പറഞ്ഞു; ഏതായാലും ഈ സർജ്ജറി അനസ്തേഷ്യ തന്നു ചെയ്യുവാണല്ലോ. രണ്ട് കുഞ്ഞുങ്ങൾ പോരേ. നമ്മുക്ക് പ്രസവം നിർത്തുന്ന സർജ്ജറി കൂടി അങ്ങ് ചെയ്യാം. ഇനി ഒരു കുഞ്ഞു വേണം എന്നൊന്നും ചിന്തിച്ചിട്ടല്ല, ദൈവത്തിനു ഇഷ്ടമില്ലാത്തത് ചെയ്യുന്നില്ല എന്നു കരുതി അന്ന് പ്രസവം നിർത്തുന്ന ഓപ്പറേഷൻ ചെയ്തില്ല.

വർഷങ്ങൾ കഴിഞ്ഞു. രണ്ടാമത്തെ കുട്ടിക്ക് ഏകദേശം ഏഴു വയസ്സായപ്പോൾ ഒരു കുഞ്ഞു കൂടി വേണം എന്ന ആഗ്രഹം മനസ്സിൽ ശക്തമായി വന്നു, ഒരു വർഷം തുടർച്ചയായി പ്രാർത്ഥിച്ചു, കുഞ്ഞിന് വേണ്ടി വൈദ്യ സഹായത്തിന് ഒന്നും പോയില്ല, നമ്മുടെ ദൈവം നമ്മുക്ക് ഒരു കുഞ്ഞിനെക്കൂടി തരുന്നുവെങ്കിൽ അതു മതി എന്നു കരുതി പ്രാർത്ഥിച്ചു കാത്തിരുന്നു. 2011 ഒക്ടോബർ 15 നു ഒരു മോനെ കൂടി തന്നു ദൈവം അനുഗ്രഹിച്ചു.

പിന്നീട് അവനു എട്ടു വയസായപ്പോൾ ഞങ്ങൾ പറഞ്ഞു, അമ്മക്ക് ഒരു ഓപ്പറേഷൻ 2007 യിൽ നടന്നിരുന്നെങ്കിൽ നീ ജനിക്കില്ലാരുന്നു എന്ന്. അപ്പോൾ നിഷ്കളങ്കമായ

സന്തോഷവും നന്ദിയും നിറഞ്ഞ കണ്ണുകളോടെ  അവൻ പറഞ്ഞു താങ്ക്യൂ അമ്മ, എനിക്കും ഈ ലോകം കാണാൻ പറ്റിയല്ലോ ! അതു കേട്ടപ്പോൾ ഞങ്ങൾ അനുഭവിച്ച സന്തോഷം പറഞ്ഞറിയിക്കാനാവില്ല.

എന്റെ മുത്ത രണ്ടു കുട്ടികൾ ജനിച്ചിട്ട് കൂടുതൽ കുഞ്ഞുമുഖങ്ങൾ ഈ ലോകത്തിലേക്ക് വരാമായിരുന്ന കുറച്ചു വർഷങ്ങൾ നഷ്ടപ്പെടുത്തി  കളഞ്ഞതോർത്തു ഇന്ന് ഞാൻ ദുഖിക്കുന്നു,

കുഞ്ഞുങ്ങൾ ദൈവദാനമാണ്.ദൈവം തരുന്ന കുഞ്ഞുങ്ങൾ നമ്മൾക്ക് എന്നും അനുഗ്രഹം ആയിരിക്കും.


ഗർഭപാത്രത്തിൽ ഉരുവാകുന്നതിനു മുമ്പേ കുഞ്ഞുങ്ങൾ ആദ്യം പ്രാർത്ഥനയിലൂടെ നമ്മുടെ മനസ്സിൽ ജനിക്കണം. ആ ഒരു ദൈവീക ചൈതന്യം കുഞ്ഞുങ്ങളുടെ ജീവിതത്തിൽ എന്നുമുണ്ടാകും.

കർത്താവിന്റെ ദാനമാണ് മക്കള്, ഉദരഫലം ഒരു സമ്മാനവും . ( സങ്കീർത്തനങ്ങള് 127:3)

**- Mrs Jumy Tom**




# Syro Malabar Church



**Rose Mary Shaju**
Class VIII

The Syro-Malabar Church is the largest of the Thomas Christians denominations with over 4 million believers, rooted in Kerala (founder St Thomas Apostle, AD 52) . It comes under the Eastern Churches under the subgroup of Assyrian. Earlier it was known as Marthoma Nasrani church. It was also called 'Syrian Catholic' as its liturgy is  based on the East Syriac Rite



## Beatitude - III :

***"Blessed are the meek,***
***for they will inherit the earth." -***
*Matthew 5:5.*



**Manisha Jayson**

This beatitude looks like a contradiction when we try to understand it purely from the worldly perspective. We have seen the powerful becoming more powerful, the rich becoming richer, and poor becoming poorer everyday - that is how the world generally works? How can the meek and weak inherit the earth?

Now, let me ask you to think about our former president Dr. APJ Abdul Kalam. From humble beginnings to the time he became one of the nation's most loved and revered personalities, what made him so endearing to the people? He had no fancy cars or crores of rupees in his bank account. He did not have a lavish lifestyle or any luxury. He was a person who personified meekness. Similarly, the life of the Father of our nation, Mahatma Gandhi is an exemplary testimony of the third beatitude. A man who lived with bare minimum, literally reclaimed the nation from its captors. Countrymen followed him to the hilt willing to lay down just everything they had, including their own lives.

There is obviously no greater testimony to meekness other than Jesus himself. He is the ultimate example of demonstrating the meaning of the third beatitude. His journey from the manger of Nazareth to the Cross of Calvary was truly the journey of a 'humble servant'. He turned out to be the one who conquered not only the earth, but all of the heavens too!

Contrary to popular belief, being meek does not mean allowing people to walk over . It is the state of acknowledgement that God is Almighty and we submit totally and only to God's power. A state of mind that makes us know that without God's power, we would be nothing, hence makes us surrender ourselves to God's plan, trusting him with all our heart. What comes afterwards is truly amazing, because then God will be the one who works through us. Being meek is the mere understanding that on our own, we are nothing ; but with God within us , we rise to be everything and anything! We find that our ego and pride fadeaway, making way for love and kindness taking precedence in us! As a result of which, we inherit not material wealth, but we win over human hearts!

Let us sincerely pray for the grace to submit ourselves in total humility, live fully to our Almighty's power and plan, and leverage our talents for His glory, so that we may become truly powerful and realise the purpose of our life, and thus inherit what is rightfully ours in Christ.

# അമ്മയും കിളിമകളും



**E.J. Ethakutty**
Mundaplackal

ഇന്നെന്റെ  മനസ്സിന്റെ പൊന്നോമൽ കൂട്ടിലൊരു
സ്വർണ്ണവർണ്ണക്കിളി പറന്നു വന്നു
കൂട്ടിനുള്ളിൽ കയറി കൂടും പൂട്ടിയിട്ട്
"' അമ്മ  " എന്നവളെന്നെ വിളിച്ചു
എന്താണ് മോളെ എന്ത് പറ്റി
ഓടി ഞാൻ അവളുടെ അടുത്തെത്തി
പൊട്ടിക്കരഞ്ഞും കെട്ടിപ്പിടിച്ചും
എന്നുടകത്തിൽ അവളാക്കാര്യമോതി
"ദുഷ്ടനൊരു"കഴുകൻ കൊന്നു തിന്നാൻ
.. എന്നെക്കൊന്നു തിന്നാൻ
എന്റെ പിന്നാലെ പറന്നു വന്നു
കഴുകനെ കണ്ടു ഞാൻ പറന്നു വേഗം
പക്ഷെ, അവനെന്റെ ഒപ്പമെത്തി
അമ്മെ നീയെന്നെ  കൈവിടല്ലേ
പെട്ടെന്നെനിക്കൊരു ബുദ്ധി തോന്നി
വേഗത്തിൽ പറന്നു ഞാൻ കീഴോട്ട് ..
പിന്നെ പറന്നു ഞാൻ മേലോട്ട്
കീഴോട്ടും മേലോട്ടും കീഴോട്ടും മേലോട്ടും
വേഗത്തിൽ വേഗത്തിൽ ഞാൻ പറന്നു
അല്പനേരത്തിൽതിരിഞ്ഞു  നോക്കി
തടിയൻ കഴുകനെ ഞാൻ കണ്ടതില്ല
വീണ്ടും പറന്നു ഞാൻ എത്തി നിൻ ചാരെ
അമ്മെ നീയെന്നെ രക്ഷിച്ചീട്
ഇല്ല മകളെ കൊടുക്കില്ല ഞാൻ നിന്നെ
ക്രൂരനാം  ഈയൊരു കഴുകനെങ്ങും
ഹനിച്ചീടേണം  നമുക്കിന്നിവനെ
പെട്ടന്നതാ ഞാൻ പുറത്തു കണ്ടു
കഴുകന്റെ അതിക്രമം  തീവ്രമായി
വേഗത്തിൽ ഞാൻ ഒരു വള്ളി വെട്ടി
വള്ളിയിൻ തുമ്പത്തു കുരുക്കുമിട്ടു
കുറുക്കുള്ള അറ്റം പുറത്തേക്കിട്ടു
ജനാല വേഗം വലിച്ചടച്ചു
കഴുകനെ ഞങ്ങൾ പുറത്തു കണ്ടു
ഞങ്ങളെ കണ്ടവൻ നുണഞ്ഞു നാവു
കുരുക്കിൽ മുറുകി ആ നീണ്ട കാലുകൾ
വള്ളിയിൻ അറ്റം ഞാൻ വലിച്ചു
കാലിൽ വരിഞ്ഞു  കുരുക്കവന്
അവിടെ കിടന്നവൻ വിളിച്ചലറി
ഒരു ശ്വാനൻ അത് കേട്ട് പാഞ്ഞു വന്നു
കഴുകനെ കടിച്ചവൻ കുടഞ്ഞെറിഞ്ഞു ..
ചിറി നക്കി നുണഞ്ഞു കൊണ്ടോ നായ പോയി
അമ്മെ നിനക്കെന്റെ നന്ദി എന്നും

# Bethliving.com

MODULAR • STAINLESS STEEL • STEEL





- Eco Friendly
- Noise Free
- Multi-color
- Water Resistant
- Easy Installation
- Fire Proof
- Pest Free
- Durability
- Hygienic

100% STAINLESS STEEL & STEEL HOME INTERIORS



LIFETIME WARRANTY

For Free Quote & Design

09663883377

sales@bethliving.com

**BETH LIFESTYLE PRIVATE LIMITED**

KERALA | KARNATAKA | DELHI | ANDRA PRADESH
TELANGANA | TAMIL NADU

# SOCIETY OF ST VINCENT DE PAUL

## Cake Sale!!

It is Christmas time! Like in the past, we are back this year too selling delicious and quality cakes. The cake will be even more sweeter, when you know that you are contributing to a noble cause, since the proceeds from the sale of cakes will be used to fund the various charity initiatives of SSVP.




## മാതൃവേദി

Feast of Immaculate Conception of Mother Mary was celebrated in Santhome Parish by all Mathruvedhi mothers on 6th Dec. The day was made memorable by celebrating Holy Mass together at 6:30 am, special offering was made by all mothers on this occasion. Mother Mary's pivotal role in God's plan for salvation was reminisced by her powerful intercession which was sought after for the protection of families.




## November 2020 Edition -
## Quiz Winners






*Ian Jem & Esther Jem*



*Aneena Josan*




*Austin Sibi*



*Abraham Ciryac*



*Anna Tony*



*Mrs Lilly Mulavarikal*






**Dr Austine Eapen** MA LLM MBA PhD
Former IG , Central Police Force and presently practicing as a lawyer ,High Court of Karnataka . He is a recipient of President's Police medals for Meritorious service as well as Distinguished service besides many other honours and awards. He is a resource person for Doordarshan , Bureau of Police research and development, Dept of UN peace keeping as well as a certified international instructor for law enforcement agencies. He hails from Ancheril family of Pala .

**Dr Nancy Austine** MD Pediatrics, DAA
She is a paediatrician and an asthma allergy specialist who has taken voluntary retirement from Central police force after nearly 28 years of service and has set up her own Nan's clinic , Bannerghatta road . She is an alumni of St Teresa's college Ernakulam, Government Medical College Calicut and Army Hospital Research and Referral Delhi and CMC Vellore . She hails from a family of doctors . Her parents were both doctors and worked in NHS , UK . Her grandfather , Dr TM Joseph Thalanany was the first doctor from Meenachil Taluk to go to England to study medicine

The couple has two children . The elder one , Dr Jose Austine MS orthopaedics is presently working as Senior resident at JIPMER Pondicherry . The younger one , Dr Anu Austine is a Junior Resident doctor at St Johns Medical college , Bangalore . Both are unmarried.

# My Lovely Saviour...

I see a bright star in the sky,
Look down the brightest star on earth,
We celebrate God's birth once more,
As a special gift for humankind.

It is YOUR son born unto us,
He brings us Hope and Peace,
And gives our lives a marvelous lift,
And the wonders never cease!

Things just turn more sweet,
It is our turn to greet Him,
And, be prepared for the big day,
By making beautiful cribs in our hearts.

Written By,



Christy Maria Koshy



# നെയ്തെടുക്കാം ബന്ധങ്ങൾ

സൂഫി ഗുരുവിന് ഒരിക്കലൊരാൾ സ്വർണ്ണക്കത്രിക സമ്മാനിച്ചു. രത്നങ്ങൾ പതിപ്പിച്ച് അതിമനോഹരമായ ഒന്ന്. അപ്പോൾ ഗുരു പറഞ്ഞു: 'ഇതെന്റെ നിയോഗവുമായി ഒട്ടും ചേരുന്നില്ലല്ലോ കുഞ്ഞേ.' 'പക്ഷേ ഗുരോ, അങ്ങേയ്ക്കൊരു സമ്മാനം തരണമെന്ന് എനിക്കതിയായ മോഹമുണ്ട്.' 'എങ്കിൽ, എനിക്കൊരു സൂചിയും നൂലും തരിക; ഞാൻ എല്ലാം കൂട്ടി യോജിപ്പിക്കാൻ ഇഷ്ടപ്പെടുന്നു. മുറിച്ചുകളയുകയോ വെട്ടിമുറിക്കുകയോ ചെയ്യുന്നതിനേക്കാൾ എനിക്കിഷ്ടം നെയ്തെടുക്കാനാണ്; മനസ്സിനെയും ബന്ധങ്ങളെയും.'

ബന്ധങ്ങൾ അറുത്തുമാറ്റാൻ എളുപ്പമാണ്. എന്നാൽ കൂട്ടി ചേർക്കാനാണ് ബുദ്ധിമുട്ട്. ബന്ധങ്ങളുടെ വിലയറിയുന്നവർക്കേ മറ്റുള്ളവർക്ക് വേണ്ടി ഒന്നു താഴ്ന്നുകൊടുക്കാൻ സാധിക്കുകയുള്ളു. അമ്മയെന്നോ അച്ഛനെന്നോ നോക്കാതെ അറുത്തുമാറ്റുന്ന ബന്ധങ്ങൾ കണ്ണുനീരിന്റെ ബാക്കിപത്രമാണ്. നശിപ്പിക്കാൻ ആർക്കും കഴിയും, നിലനിർത്താനാണ് പ്രയാസം.



LIFE TRAINING ACADEMY
I CAN

57



# ഉറച്ച വ്യക്തിത്വം

ഒരിക്കൽ തീയിൽ അകപ്പെട്ട പാമ്പിനെ രക്ഷിക്കുവാനായി ഒരു മനുഷ്യൻ തയ്യാറായി. അങ്ങനെ ചെയ്തപ്പോൾ പാമ്പ് അവനെ കടിക്കാൻ ശ്രമിച്ചു. ആ മനുഷ്യൻ പാമ്പിനെ ഉപേക്ഷിച്ചു. അത് വീണ്ടും തീയിലേക്ക് വീണു. ഉടനെ ആ മനുഷ്യൻ ഒരു ഇരുമ്പ് കമ്പി ഉപയോഗിച്ച് പാമ്പിനെ തീയിൽ നിന്ന് പുറത്തെടുത്ത് അതിന്റെ ജീവൻ രക്ഷിച്ചു. കണ്ടുകൊണ്ടു നിന്ന ആരോ ആ മനുഷ്യനെ സമീപിച്ചു ചോദിച്ചു: 'ആ പാമ്പ് നിങ്ങളെ കടിക്കാൻ ശ്രമിച്ചിട്ടും എന്തുകൊണ്ടാണ് നിങ്ങൾ അതിനെ രക്ഷിച്ചത്.' ആ മനുഷ്യൻ പറഞ്ഞു: 'പാമ്പിന്റെ സ്വഭാവം കടിക്കുക എന്നതാണ്. പക്ഷെ അത് എന്റെ സ്വഭാവത്തെ മാറ്റില്ല, എന്റെ സ്വഭാവം സ്നേഹിക്കുക എന്നതാണ്.'

ആരെങ്കിലും നിങ്ങളെ ഉപദ്രവിച്ചതുകൊണ്ട് നിങ്ങളുടെ സ്വഭാവം മാറ്റുക അല്ല വേണ്ടത് മറിച്ച് നിങ്ങളുടെ നല്ല ഹൃദയത്തെ നഷ്ടപ്പെടുത്താതെ, മുൻകരുതലുകൾ എടുക്കാൻ പരിശ്രമിക്കുക.





# ക്ഷമ

ഒരിക്കൽ ശിഷ്യൻ തന്റെ ഗുരുവിനോട് ചോദിച്ചു. 'എങ്ങനെയാണ് നിന്ദാപമാനത്തിന് പകരം പുഞ്ചിരി തൂകാൻ കഴിയുക?'

'നമുക്കൊരാൾ ഭക്ഷിക്കുവാൻ ആഹാരം നല്കുകയും നാമത് സ്വീകരിക്കാതിരിക്കുകയും ചെയ്താൽ അവരത് വീട്ടിലേക്ക് തിരികെ കൊണ്ടുപോകും, അല്ലെങ്കിൽ അവരുതന്നെ അതു പങ്കിട്ടു കഴിക്കും.' 'ഇതുപോലെ തന്നെയാണ് നിന്ദാപമാനങ്ങളും തിന്മകളും; അവർക്കതു തിരികെ കൊണ്ടുപോകേണ്ടിവരും. അല്ലെങ്കിൽ സ്വയം ഉൾക്കൊള്ളണം. സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ മറ്റു യാതൊരു വഴിയുമില്ല. അല്ലെങ്കിൽ അവർക്കത് മറ്റാർക്കെങ്കിലും നൽകുകയോ വഴിയിൽ ഉപേക്ഷിക്കുകയോ ചെയ്യേണ്ടിവരും.'

മറ്റുള്ളവർ മോശമായി സംസാരിക്കുന്നതുകേട്ട് തിരിച്ച് അതേ രീതിയിൽ മറുപടി നൽകിയാൽ നാമും അവരും തമ്മിൽ എന്താണ് വ്യത്യാസം. രണ്ടുപേരും ഒരുപോലെ തന്നെ; തർക്കിച്ച് മാന്യനാകാൻ ശ്രമിക്കുന്നത് വിഡ്ഢിത്തരമാണ്. നിങ്ങൾക്ക് എന്തു ലഭിക്കണമെന്ന് ആഗ്രഹിക്കുന്നുവോ അതുപോലെതന്നെ അവരോടും പെരുമാറുക. അത് നന്മയിൽ അവസാനിക്കും.





LIFE TRAINING ACADEMY
I CAN

## വഴിവിളക്കുകൾ

I Can Life Training Academy
9656183874